12597
28/9/15

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിലെ ഡ്രൈവർമാരുടെ യൂണിഫോം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ(എം.എസ്.) നം.73/2015/വനം തീയതി, തിരുവനന്തപുരം, 26/09/2015.

പരാമർശം: 1. സ.ഉ.(പി)നം.84/2014/വനം. തീയതി 20/09/2014.
2. സ.ഉ.(എം.എസ്)നം.12/2013/വനം. തീയതി 30/01/2013.
3. 22/05/2015 ൽ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ 2-48617/2014 നമ്പർ കത്ത്.

## ഉത്തരവ്

വനം വകുപ്പിലെ ഡ്രൈവർമാരുടെ യൂണിഫോം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം 3 പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നു. ഫോറസ്റ്റ് ഡ്രൈവർ കാറ്റഗറി 2010 ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിൽ ഉൾപ്പെടുത്തിയതിനാൽ ഡ്രൈവർമാർ വനം വകുപ്പിലെ സംരക്ഷണവിഭാഗത്തിന്റെ ഭാഗമായിട്ടുണ്ടെന്നും, സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഗ്രേഡ്, ഉദ്യോഗ പേര് എന്നിവ പരാമർശം 2 പ്രകാരം അനുവദിച്ചതിന്റെ വെളിച്ചത്തിലും, വനം വകുപ്പിലെ ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ ഉൾപ്പെട്ടവർക്കുകൂടി ഇത്തരത്തിൽ ഗ്രേഡ് ഉദ്യോഗപ്പേര് അനുവദിക്കണമെന്നും, തസ്തിക പുനർ നാമകരണം ചെയ്യണമെന്നും, യൂണിഫോം പരിഷ്കരിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിച്ചു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം വനം വകുപ്പിലെ ഡ്രൈവർമാരുടെ യൂണിഫോം പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ഉദ്യോഗപ്പേര് | അനുവദനീയമായ യൂണിഫോം |
|---|---|
| ഡ്രൈവർ ഗ്രേഡ് II (9190-15780) | വനം വകുപ്പിലെ ഡ്രൈവർമാരുടെ നിലവിലുള്ള യൂണിഫോം. |
| ഡ്രൈവർ ഗ്രേഡ് I (10480-18300) | ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കു തുല്യമായ യൂണിഫോം |
| ഡ്രൈവർ സീനിയർ ഗ്രേഡ് (11620-20240) | ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ യൂണിഫോമും ഒരു അധിക ബാഡ്ജും |
| ഡ്രൈവർ സെലക്ഷൻ ഗ്രേഡ് (14620-25280) | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കു തുല്യമായി സ്റ്റാർ ഒഴിവാക്കിയുള്ള യൂണിഫോം. |

ഇപ്രകാരം യൂണിഫോം പരിഷ്ക്കരിക്കുന്നതു മൂലം കൂടിയ യൂണിഫോം അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല. കൂടാതെ ഡ്രൈവർമാർ യൂണിഫോം കൃത്യമായി ധരിക്കുന്നുവെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും അതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ കർശനമായി അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.വി.സുധീർ**
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( നമ്പർ -42987/അഗ്രി.എ.2/15/ധന തീയതി 07/08/2015)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ